**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പൊന്നാനി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ക്ലർക്ക് ശ്രീ. ഷൈൻമോൻ കെ- അച്ചടക്കനടപടി- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 1766/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.08.2019

---

പരാമർശം :
1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.10.2016 തീയതിയിലെ ഇ 26(എസ്.സി 15/16/എംപിഎം) 10836/16/യുഎ നം. കത്ത്
2. സർക്കാരിന്റെ 05.03.2019 തീയതിയിലെ ഇയു2/66/2019/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. ശ്രീ. ഷൈൻമോൻ കെ സമർപ്പിച്ച 26.04.2019 തീയതിയിലെ പ്രതിവാദപത്രിക
4. നഗരകാര്യഡയറക്ടറുടെ 04.05.2019 തീയതിയിലെ വി2-6114/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊന്നാനി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിൻ പ്രകാരം ടി നഗരസഭയിലെ ക്ലർക്കായ ശ്രീ. ഷൈൻമോൻ കെ-യ്ക്ക് പരാമർശം 2 പ്രകാരം കഠിനശിക്ഷയുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് പരാമർശം 3 പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിച്ചിട്ടുണ്ട്.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ഷൈൻമോൻ കെ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC& A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ പൊന്നാനി നഗരസഭയിലെ ക്ലർക്ക് ശ്രീ. ഷൈൻമോൻ.കെ-യ്ക്കെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊന്നാനി നഗരസഭയിലെ ജൂനിയർ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ജൂനിയർ സൂപ്രണ്ട്, പൊന്നാനി നഗരസഭ, മലപ്പുറം ജില്ല(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ